"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-ശ്രീ സതികുമാർ കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1608/2023-ൻമേലുള്ള 4-9-2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2091/2023/LSGD തീയതി,തിരുവനന്തപുരം, 26-10-2023

---

പരാമർശം:-

1. 22.03.2023-ലെ സ.ഉ. (കൈ) നം. 79/2023/തസ്വഭവ
2. ശ്രീ സതികുമാർ കെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ചിരിക്കുന്ന അപേക്ഷ(അനക്ഷർ A 9)
3. ശ്രീ സതികുമാർ കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1608/2023-ൻമേലുള്ള 4-9-2023 തീയതിയിലെ ഉത്തരവ്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 30-9-2023ലെ LSGD/PD/54529/2023-DEF2 നമ്പർ നടപടിക്രമം
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 9-10-2023ലെ LSGD/PD/54529/2023-DEF2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിലെ നേമം സോണൽ ഓഫീസിൽ നിന്നും നെടുമങ്ങാട് നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെ ശ്രീ സതികുമാർ കെ,ഓഫീസ് അറ്റൻഡന്റ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1608/2023-ൻമേലുള്ള പരാമർശം(3) വിധിന്യായം പ്രകാരം ,ശ്രീ സതികുമാർ കെ സമർപ്പിച്ച പരാമർശം(2) പ്രകാരമുള്ള അപേക്ഷ, ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവായിരുന്നു.

2. ശ്രീ സതികുമാർ കെ സമർപ്പിച്ചിരിക്കുന്ന അപേക്ഷ(അനക്ഷർ A 9)യിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഏകീകൃത തദ്ദേശസ്വയം ഭരണ വകപ്പിൽ പ്രിൻസിപ്പൽ ഡയറക്ടർ / ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങളും / മാർഗ്ഗനിർദേശങ്ങളും അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച സൂചന(1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിലെ (2) ബി പ്രകാരം ഒരു ഓഫീസിൽ അതത് വർഷം മാർച്ച്

31 ന് 3 വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ നിർബന്ധമായും സ്ഥലം മാറ്റേണ്ടതാണെന്നും കൂടാതെ ഒരു ഓഫീസിൽ 3 വർഷം പൂർത്തിയാക്കിയ ജീവനക്കാർ സ്ഥലം മാറ്റത്തിന് അപേക്ഷിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം പൊതുസ്ഥലം മാറ്റത്തിൽ അപേക്ഷിച്ചിട്ടുള്ളവരെ പരിഗണിച്ചതിന് ശേഷമുള്ള ഒഴിവുകളിലേയ്ക്ക് മാത്രമേ ടിയാളുകളെ പരിഗണിക്കുകയുള്ളുവെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നും കൂടാതെ പ്രസ്തുത സർക്കാർ ഉത്തരവിലെ ഖണ്ഡിക (8)എ പ്രകാരം 60% നുമേൽ ഭിന്നശേഷിയുള്ളവർക്ക് 5 വർഷത്തേയ്ക്ക് പൊതു സ്ഥലമാറ്റത്തിൽ സംരക്ഷണം നൽകുന്നതോടൊപ്പം കാലാവധി അവസാനിക്കുമ്പോൾ ടിയാളുകൾ അവകാശവാദം ഉന്നയിച്ചാൽ മാത്രം സ്ഥലം മാറ്റം നടത്തിയാൽ മതിയാകുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നും ശ്രീ.സതികുമാർ. കെ യുടെ സേവന ചരിത്രം പരിശോധിച്ചതിൽ ടിയാൻ തിരുവനന്തപുരം നഗരസഭയിൽ 25-03-2002 മുതൽ തുടർച്ചയായി സേവനമനുഷ്ടിച്ചു വരുന്നതും, 2023 ലെ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ച സമയപരിധിയിൽ സമർപ്പിച്ചിട്ടില്ലാത്തതും, ടിയാൻ സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം ടിയാന്റെ ഭിന്നശേഷി 60% നു താഴെയുമാണ് എന്നും ആയതിനാലാണ് സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിലെ (2) ബി പ്രകാരം ടിയാനെ സ്ഥലം മാറ്റത്തിന്റെ കരട് ഉത്തരവിൽ നെടുമങ്ങാട് നഗരസഭയിലേക്ക് അലോട്ട് ചെയ്തിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ. സതികുമാർ. കെ സമർപ്പിച്ച അപേക്ഷ പ്രത്യേക കേസായി പരിഗണിച്ച്, മാനുഷിക പരിഗണന നൽകി തിരുവനന്തപുരം നഗരസഭയ്ക്ക സമീപമുള്ള തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങളിൽ ഒഴിവുണ്ടോ എന്ന് റിപ്പോർട്ട് ചെയുവാൻ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദേശം നൽകുകയും നിലവിൽ അപ്രകാരം ഒഴിവുകൾ ഇല്ല എന്ന് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ പൊതു സ്ഥലം മാറ്റത്തിൽ നിന്നും ഒഴിവാക്കി തിരുവനന്തപുരം നഗരസഭയിലെ നേമം സോണൽ ഓഫീസിൽ നിലനിർത്തുന്നതിനായി ശ്രീ.സതികുമാർ.കെ സമർപ്പിച്ച അപേക്ഷ നിരസിച്ചും, തിരുവനന്തപുരം നഗരസഭയ്ക്ക് സമീപമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സമീപഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ ശ്രീ. സതികുമാർ. കെ യുടെ അപേക്ഷ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിലും നിലവിലുള്ള നിയമം അനുശാസിക്കും വിധം പരിഗണിക്കുന്നതിന് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം(4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. ശ്രീ സതികുമാർ കെ സമർപ്പിച്ചിരിക്കുന്ന അപ്പീൽ അപേക്ഷ (അനക്ഷർ A9 ) 11.10.2023-ലെ അപ്പീൽ കമ്മിറ്റിയിൽ പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയ്ക്ക സമീപമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമീപഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ നിലവിലുള്ള നിയമം അനുശാസിക്കുന്ന വിധം ശ്രീ സതികുമാറിനെ പരിഗണിക്കുന്നതിന് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ 30-9-2023ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ നിലവിലെ അപ്പീൽ അപേക്ഷ നിരസിക്കുവാൻ അപ്പീൽകമ്മിറ്റി ശിപാർശ ചെയ്തു.

4. സർക്കാർ ഈ വിഷയം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അപ്പീൽകമ്മിററിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയ്ക്ക് സമീപമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ

സമീപഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ ശ്രീ. സതികുമാർ. കെ യുടെ അപേക്ഷ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിലും നിലവിലുള്ള നിയമം അനുശാസിക്കും വിധം പരിഗണിക്കുന്നതിന് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ സതികുമാർ. കെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ചിരിക്കുന്ന പരാമർശം (2) അപേക്ഷയിലെ(അനക്ഷർ A 9) ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

അഡ്വക്കറ്റ്ജനറൽ, കേരള,തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സതികുമാർ .കെ , ഓഫീസ് അറ്റൻഡന്റ്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-10-2023 13:34:34
സെക്ഷൻ ഓഫീസർ